# 8

# ജീവിത സാഹചര്യങ്ങളെ ഏറ്റവും നന്നാക്കൽ

## (സഭാ പ്രസംഗി 3; 4)

ജീവിതത്തിന്റെ അർത്ഥം അന്വേഷിച്ച ശലോമോന്റെ അന്തിമ ലക്ഷ്യം സന്തോഷം കത്തെലായിരുന്നു. സന്തോഷം കത്തെി നിറവേറ്റുവാനായിരുന്നു ശലോമോന്റെ ആയുഷ്ക്കാല പരിശ്രമമെന്ന് അവന്റെ അനുഭവങ്ങൾ അയവിറക്കുന്നതിൽനിന്ന് നമുക്ക് മനസിലാക്കാം. ആളുകൾ സാധാരണ സന്തോഷം കത്തെി തൃപ്തിയടയുവാൻ ശ്രമിക്കുന്നതെല്ലാം അവൻ ചെയ്തു നോക്കുന്നു്. അവയൊന്നും അവനെ നിലനിൽക്കുന്ന തൃപ്തിയിലേക്ക് എത്തിച്ചില്ല.

ശലോമോൻ ചിത്രീകരിച്ചതുപോലെ, വാസ്തവത്തിലുള്ള സന്തോഷം അന്വേഷിച്ചാൽ കത്തെുകയില്ല. ദൈവം പഠിക്കുവാൻ ആഗ്രഹിക്കുന്നത് അന്വേഷിച്ചാൽ ഫലമുാകും എന്ന തീർപ്പിലാണ് അവൻ എത്തിയത്. ആ സത്യങ്ങളെ നാം പ്രായോഗികമാക്കിയാൽ, ജീവിതത്തെ നന്നാക്കുവാൻ നാം പ്രാപ്തരാകും. 3 ഉം 4 ഉം അദ്ധ്യായങ്ങളിൽ തൃപ്തികരമായ ജീവിതം നയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കാണാം. നമുക്ക്, തീർച്ചയായും, പ്രയാസങ്ങൾ ഉാകും, പക്ഷെ അവ നമ്മുടെ സന്തോഷം നശിപ്പിക്കണമെന്നില്ല. ജീവിതസാഹചര്യങ്ങളെ നന്നാക്കുവാൻ നാം ശീലിച്ചാൽ, നമുക്ക് ചുറ്റും കൊടുങ്കാറ്റടിച്ചാലും, സമാധാനവും, തൃപ്തിയും, സന്തോഷവും, ശാന്തവുമുള്ളവരാകുവാൻ കഴിയും. നമുക്ക് ചുറ്റും അടിക്കുന്ന കാറ്റിനെ മാറ്റുവാൻ നമുക്ക് കഴിയുകയില്ല, എന്നാൽ ജീവിതത്തിലുാകുന്ന കൊടുങ്കാറ്റ് ഉള്ളിൽ കടക്കാതെ നോക്കുവാൻ നമുക്ക് കഴിയും.

അതിനർത്ഥം വാസ്തവത്തിലുള്ള സന്തോഷം പഠിക്കാതെ കത്തെുവാൻ കഴിയുകയില്ല എന്നാണോ? അതിനെ സംബന്ധിച്ച് ശലോമോൻ എന്തു പറയുന്നു എന്ന് നോക്കാം.

### ജീവിതസാഹചര്യങ്ങളെ നന്നാക്കുന്നതിൽകൂടെയാണ് വാസ്തവത്തിലുള്ള സന്തോഷം ലഭിക്കുന്നത് (3:1-22)

ദൈവം തന്റെ കരുണയാൽ എല്ലാറ്റിനും ഓരോ സമയം നിശ്ചയിച്ചിട്ടു്: “എല്ലാറ്റിന്നും ഒരു സമയം ഉ്. ആകാശത്തിൻകീഴുള്ള സകലകാര്യത്തിനും ഒരു കാലം ഉ്” (3:1). ആ സത്യം മനസിലാക്കുവാൻ എതിരായ പതിനാലു കാര്യങ്ങൾ ഇവിടെ ഉപയോഗിച്ചിട്ടു്:

ജനിപ്പാൻ ഒരു കാലം, മരിപ്പാൻ ഒരു കാലം;
നടുവാൻ ഒരു കാലം, നട്ടതു പറിപ്പാൻ ഒരു കാലം;
കൊല്ലുവാൻ ഒരു കാലം, സൗഖ്യമാക്കുവാൻ ഒരു കാലം;
ഇടിച്ചുകളവാൻ ഒരു കാലം, പണിവാൻ ഒരു കാലം;
കരവാൻ ഒരു കാലം, ചിരിപ്പാൻ ഒരു കാലം;

വിലപിപ്പാൻ ഒരു കാലം, നൃത്തം ചെയ്‌വാൻ ഒരു കാലം;
കല്ല് പെറുക്കി കളവാൻ ഒരു കാലം, കല്ല് പെറുക്കിക്കൂട്ടുവാൻ ഒരു കാലം;
ആലിംഗനം ചെയ്‌വാൻ ഒരു കാലം,
ആലിംഗനം ചെയ്യാതിരിപ്പാൻ ഒരു കാലം;
സമ്പാദിപ്പാൻ ഒരു കാലം, നഷ്ടമാവാൻ ഒരു കാലം;
സൂക്ഷിച്ചുവെപ്പാൻ ഒരു കാലം, എറിഞ്ഞുകളവാൻ ഒരു കാലം;
കീറുവാൻ ഒരു കാലം, തുന്നുവാൻ ഒരു കാലം;
മിണ്ടാതിരിപ്പാൻ ഒരു കാലം, സംസാരിക്കുവാൻ ഒരു കാലം;
സ്നേഹിപ്പാൻ ഒരു കാലം, ദ്വേഷിപ്പാൻ ഒരു കാലം;
യുദ്ധത്തിന് ഒരു കാലവും, സമാധാനത്തിന്ന് ഒരു കാലവും ഉ് (3:2-8).

അവയിൽ പല സംഭവങ്ങളിലും നമുക്ക് കുറച്ചോ അല്ലെങ്കിൽ ഒട്ടും തന്നെ നിയന്ത്രണമില്ല. സമയമാകുമ്പോൾ ജനനം സംഭവിക്കും, അതുപോലെ തന്നെ മരണവും. സമയം ആകുമ്പോൾ നാം നടുന്നു; നാം ആഗ്രഹിക്കുന്നപോലെ പെട്ടെന്ന് കാലം മാറുകയില്ല. വിളവെടുപ്പിന് കാലമാകുമ്പോൾ, നാം വിളവെടുക്കും. ചിലപ്പോൾ നാം കരയും, പിന്നെ നമുക്ക് ചിരിക്കുവാനും കഴിയും. ഒരു സമയത്ത് കെട്ടിടം പൊളിച്ചുകളയും, പിന്നീട് ഒരു സമയത്ത് പുതിയത് പണിയും.

വിപുലമായ വിഷയങ്ങളെ കുറിച്ചുള്ള താരതമ്യം, അങ്ങനെ തുടരുന്നു. വിലപിക്കുവാനും ചിരിക്കുവാനും ഓരോ സമയമു്. ദുഃഖിക്കുവാൻ ഒരു കാലം സന്തോഷം കൊ് നൃത്തം വെക്കുവാൻ ഒരു കാലം. ഒരു കൃഷിക്കാരൻ തന്റെ വയൽ വൃത്തിയാക്കുവാനാഗ്രഹിക്കുന്നുവെങ്കിൽ കല്ല് പെറുക്കി കളയുവാൻ ഒരു കാലമു്. ഒരാൾ വീട് പണിയുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അയാൾ കല്ലുകൾ പെറുക്കി കൂട്ടും. ഒരു തുണി കീറിക്കളയുവാൻ ഒരു സമയം, തുണി തുന്നുവാൻ ഒരു സമയമു്. സംസാരിക്കുവാൻ പറ്റിയ സമയമു്, നിശബ്ദമായിരിക്കേ സമയവുമു്. ചിലത് വെറുക്കപ്പെടേ സമയവും, വേറെ ചിലതു ഇഷ്ടപ്പെടേ സമയവുമു്. ചിലപ്പോൾ യുദ്ധം ചെയ്യേ സമയമു്, ചിലപ്പോൾ സമാധാന സന്ധി ഉാക്കേതായും വരും.

നമ്മെ സംബന്ധിച്ച് ഇവയെല്ലാം എന്താണ് സൂചിപ്പിക്കുന്നത്? "ഉപദേഷ്ടാവ്" എന്താണ് നമ്മോട് പറയുന്നത്? ചില സംഭവങ്ങൾ സുഖകരവും മറ്റുള്ളവ അസുഖകരവുമാണ്, പക്ഷെ അവക്കെല്ലാം ഓരോ സമയമു്. ശലോമോൻ പറയുന്നത്, നാം ജീവിതത്തിലെ നന്മയായാലും തിന്മയായാലും എല്ലാ സാഹചര്യങ്ങളെയും സ്വീകരിക്കമെന്നാണോ അതോ, ജീവിതത്തിൽ നേരിടുന്ന നിഷേധവും ക്രിയാത്മകവുമായ കാര്യങ്ങളെല്ലാം വെറുതെ സമതുലനാവസ്ഥക്കു മാത്രമുള്ളതാണെന്നാണോ ശലോമോൻ പറയുന്നത്? "ഞാൻ എന്തിന് വോട്ട് ചെയ്യണം? എന്റെ ഭാര്യ വോട്ട് ചെയ്യും, ഞാൻ അതിനെതിരായി വോട്ട് ചെയ്യും, അങ്ങനെ ഞങ്ങളുടെ വോട്ടുകൾ ഓരോന്നും റദ്ദാകും." എന്നു പറയുന്ന ആളെപോലെ ആണ് ശലോമോൻ പറയുന്നത്. ഒരുപക്ഷെ, ജീവിതത്തിന്റെ ലാഭനഷ്ടക്കണക്കുകൾ, ദൈവമില്ലാതിരുന്നാൽ കിട്ടുന്നത് പൂജ്യമായിരിക്കുമെന്നാകാം അവൻ ഉദ്ദേശിച്ചത്.

3:9-ൽ അവൻ ചോദിച്ചു, "പ്രയത്നിക്കുന്നവന്ന് തന്റെ പ്രയത്നഫലം കൊ് എന്തു ലാഭം?" മനുഷ്യനു വളരെ കുറച്ചു മാത്രം നിയന്ത്രണമുള്ള ക്രിയാത്മകവും നിഷേധവുമായ സംഭവങ്ങളുടെ ചക്രമാണ് ജീവിതം. മനുഷ്യന്റെ

കാഴ്ച്ചപ്പാടിൽ സമയവും കാലവും ഇങ്ങനെ ആവർത്തിച്ചു കറങ്ങുന്നത് അർത്ഥശൂന്യമാണ്. നമുക്ക് നിയന്ത്രിക്കുവാൻ സാധ്യമല്ലാത്ത സാഹചര്യങ്ങളെ നാം സ്വീകരിക്കയും, നമുക്ക് തന്നിട്ടുള്ള ഈ വർത്തമാനകാല ജീവിതം ഏറ്റവും നന്നായി ഉപയോഗിച്ച് ദൈവത്തെ സേവിക്കയും വേണം.

ജീവിതത്തിലെ എല്ലാ സാഹചര്യങ്ങളും ഒരു പദ്ധതി അനുസരിച്ചാണ് പ്രവർത്തിക്കുന്നത് (3:10-15). "ഉപദേഷ്ടാവ്" ഈറ്റുനോവ് നോക്കി മനുഷ്യരെ ദൈവകരുണയിൽ വെക്കുന്നു. അവൻ എഴുതി, "ദൈവം മനുഷ്യർക്ക് കഷ്ടപ്പെടുവാൻ കൊടുത്തിരിക്കുന്ന കഷ്ടപ്പാട് ഞാൻ കിട്ടു. അവൻ സകലവും അതിന്റെ സമയത്ത് ഭംഗിയായി ചെയ്തു നിത്യതയും മനുഷ്യരുടെ ഹൃദയത്തിൽ വെച്ചിരിക്കുന്നു" (3:10, 11). നമുക്ക് കാണുവാൻ കഴിയുന്നതിനപ്പുറം ജീവിതത്തിൽ സംഭവങ്ങളുന്നെ നമുക്ക് ബോധ്യമാക്കേതിന്ന് ഓരോന്നിനും ഓരോ കാലവും സമയവും വെച്ചിരിക്കുന്നു. നാം വായിക്കുന്ന, "നിത്യതയും മനുഷ്യരുടെ ഹദയത്തിൽ വെച്ചിരിക്കുന്നു, എങ്കിലും ദൈവം ആദിയോടന്തം ചെയ്യുന്ന പ്രവർത്തിയെ ഗ്രഹിപ്പാൻ അവർക്ക് കഴിവില്ല" (3:11). നിത്യനായ ദൈവമാണ് എല്ലാം നിയന്ത്രിക്കുന്നതെന്ന് നാം അറിയുന്നു, എന്നാൽ ആദിയോടന്തമുള്ള ചിത്രം നമുക്ക് പൂർണ്ണമായി കാണുവാൻ കഴിയുന്നില്ല. നമ്മുടെ ചുരുങ്ങിയ കാലയളവിൽ സംഭവിക്കുന്ന കാര്യങ്ങൾ മാത്രമെ നമുക്ക് കാണുവാൻ കഴിയുന്നുള്ളു.

മനുഷ്യൻ ഭൂമിയിലായിരിക്കുമ്പോൾ, തന്റെ പ്രയത്നഫലം അനുഭവിക്കുക എന്നതാണ് ഏറ്റവും നല്ല കാര്യമെന്ന് ശലോമോൻ അതിനാൽ തീർച്ചയാക്കി. "ജീവപര്യന്തം സന്തോഷിക്കുന്നതും, സുഖം അനുഭവിക്കുന്നതും അല്ലാതെ ഒരു നന്മയും മനുഷ്യർക്ക് ഇല്ല എന്നു ഞാൻ അറിയുന്നു. ഏതു മനുഷ്യനും തിന്നു കുടിച്ചു തന്റെ സകല പ്രയത്നം കൊും സുഖം അനുഭവിക്കുന്നതും ദൈവത്തിന്റെ ദാനമാകുന്നു" (3:12, 13). അവസരങ്ങളോടും വെല്ലുവിളികളോടും കൂടെ ദൈവം ഇന്നത്തെ ദാനം നമുക്ക് നൽകിയിരിക്കുന്നു. ജീവിക്കുന്നതിനും പ്രവർത്തിക്കുന്നതിനും, അവൻ നമുക്ക് ചില താലന്തുകൾ നൽകിയിട്ടു. ദൈവം രൂപപ്പെടുത്തിയതിനെ മാറ്റുവാൻ നമുക്ക് കഴിയുകയില്ല, കൂടാതെ അതിനോട് കൂട്ടുചേർക്കുവാനോ, അതിൽനിന്ന് എന്തെങ്കിലും എടുത്തു മാറ്റുവാനോ സാധ്യമല്ല (3:14). നമുക്ക് അർത്ഥമുള്ളതായി തോന്നുന്നില്ലെങ്കിലും അവന്റെ ഇഷ്ടം നാം ദൈവത്തിൽ ആശ്രയിച്ചു സ്വീകരിക്കണം.

ദുഷ്ടതയും അന്യായവും ഒരു ഉദ്ദേശത്തിനുവേിയാണ് ഉപയോഗിച്ചിരിക്കുന്നത് (3:16-22). ശലോമോൻ നീതിക്ക് വേി അന്വേഷിച്ചപ്പോൾ, ദുഷ്ടത പെരുകിയിരിക്കുന്നതായിട്ടാണ് കത്. നീതിയുടെ സ്ഥാനത്ത് അവൻ കത് അകൃത്യമാണ്. സമയമാകുമ്പോൾ നീതിമാനെയും ദുഷ്ടനെയും ദൈവം വിധിക്കുമെന്ന് അവന് അറിയാമായിരുന്നു, പക്ഷെ എന്തുകൊ് ദുഷ്ടതയെ ദൈവം അനുവദിക്കുന്നു എന്നതാണ് അവൻ അറിയുവാൻ ആഗ്രഹിച്ചത്. പാപത്തിൽ ജീവിക്കുന്ന മനുഷ്യർ മൃഗങ്ങളിൽനിന്നും വ്യത്യസ്തരല്ല എന്ന് കാണിക്കുവാനാണ് ദൈവം അതിനെ അനുവദിക്കുന്നത് എന്ന് അവൻ കത്തെി.

മനുഷ്യർ ദൈവത്തെ അവഗണിച്ച്, മൃഗങ്ങളെപോലെ ജീവിക്കുമ്പോൾ, അവരും മൃഗങ്ങളെപോലെ മരിക്കും. അവർക്ക് മൃഗങ്ങളേക്കാൾ പ്രത്യാശയോ ഉദ്ദേശമോ ഇല്ലാതെ പോകുന്നു. ദുഷ്ടതയിൽ ജീവിക്കുന്ന മനുഷ്യൻ എങ്ങനെ മൃഗങ്ങളേക്കാൾ ഉയർന്നവനാകും? രും പൊടിയിലേക്ക് തന്നെ പോകുന്നു.

വീും, മനുഷ്യൻ തന്റെ പ്രവർത്തിയുടെ ഓഹരി സ്വീകരിച്ച് തൃപ്തിപ്പെ

ടുന്നതാണ് നല്ലത് എന്ന തീർപ്പിലാണ് ശലോമോൻ എത്തിയത്. നാം ഈ ലോകത്തിൽ കൂടെ കടന്നു പോകുന്നത് ഒരിക്കൽ മാത്രമാണ്. നമുക്ക് ദൈവം തരുന്നതുപോലെ നാം ഉപയോഗിക്കുകയാണ് വേത്.

**മനുഷ്യൻ രൂപപ്പെടുത്തുന്നതിലല്ല, വാസ്തവത്തിലുള്ള സന്തോഷം (4:1-16)**

തനിക്ക് തൃപ്തി വരുത്തുവാൻ പറ്റുന്ന ഒരു ആർക്കിട്ടെക്റ്റ് ആകുവാൻ മനുഷ്യന് സാധ്യമല്ല - ഒരുപാട് സാഹചര്യങ്ങൾ അതിനെ നശിപ്പിക്കും. തൃപ്തിപ്പെടുവാനുള്ള പരിശ്രമത്തെ എതിർപ്പുകൊ് നശിപ്പിക്കുവാൻ കഴിയും (4:1–3). ലോകത്തിൽ ഞെരുക്കപ്പെട്ട ആളുകളെ നോക്കുക. അവർ ദുഃഖിച്ച് കണ്ണുനീരൊഴുക്കും, പക്ഷെ അവരെ ആശ്വസിപ്പിപ്പാൻ ആർക്കും കഴിയുകയില്ല. ഞെരുക്കിയവരുടെ പക്ഷത്തായിരിക്കും എല്ലാ ശക്തിയും. ഞെരുക്കപ്പെടുന്നവർക്ക് ന്യായമായ വിചാരണ ലഭിക്കാറില്ല. സ്വാതന്ത്ര്യം എടുത്തുകളഞ്ഞവർ മരിച്ചവരേക്കാൾ ഒട്ടും മെച്ചമല്ല എന്നാണ് ശലോമോൻ പറഞ്ഞത്. വാക്യം 3 പറയുന്നു, "ജീവനുള്ളവരേക്കാൾ മുമ്പെ മരിച്ചുപോയ മൃതന്മാരെ ഞാൻ പ്രശംസിച്ചു. ഈ രു വകക്കാരെക്കാളും ഇതുവരെ ജനിക്കാത്തവനും, സൂര്യന്നു കീഴെ നടക്കുന്ന ദുഷ്പ്രവൃത്തികൾ കാണാത്ത മനുഷ്യനും ഭാഗ്യവാൻ." ഞെരുക്കപ്പെട്ടവർക്ക് തൃപ്തി വരേണമെങ്കിൽ, ആ തൃപ്തി ഒരു മാനസികാവസ്ഥയായിരിക്കണം, കാരണം അവരുടെ സാഹചര്യം മാറ്റുന്നതിന് അവർക്ക് ഒന്നും ചെയ്യുവാൻ സാധ്യമല്ലല്ലൊ.

കഠിനാദ്ധ്വാനമോ ഉദാസീനതയോ മനുഷ്യന് സന്തോഷം നൽകുകയില്ല (4:4–6). തന്റെ ആയുഷ്ക്കാലമൊക്കെയും കഠിനാദ്ധ്വാനം ചെയ്യുന്ന മനുഷ്യനെ നിങ്ങളുടെ മനസിൽ കൊുവരിക. അദ്ദേഹത്തിന് വാസനയും താൽപര്യവുമായിരുന്നു. അയാൾക്ക് ഉയർന്ന ലക്ഷ്യം ഉാവുകയും അതു നേടുകയും ചെയ്തു. അത് അദ്ദേഹത്തിന് സന്തോഷം ഉറപ്പുനൽകുന്നുാേ? ഇല്ല! അയൽക്കാർക്ക് അയാളോട് അസുയ ഉാവുകയും അയാളുടെ സന്തോഷം കവർന്നെടുക്കയും ചെയ്തു. വിജയം അസൂയയുമായി ഏറ്റുമുട്ടുമ്പോൾ സൗഹൃദം നഷ്ടമാകും. സൗഹൃദം നഷ്ടപ്പെടുത്തത്തക്ക വിലയുള്ളതാണോ വിജയം?

ഉദാസീനതയും പ്രശ്നപരിഹാരമല്ല; അതും, കൂടെ, നാശം വരുത്തും. ജീവിതം മുഴുവൻ വ്യർത്ഥവും ശൂന്യവുമാകുന്നതിൽ യാതൊരു അത്ഭുതവുമില്ല. തീർച്ചയാക്കാവുന്നതെന്ത്? രു കൈ നിറയെ ദുഃഖവും നിരുൽസാഹവുമുള്ളതിനേക്കാൾ ഒരു കൈ നിറയെ സമാധാനം ഉള്ളതാണ് നല്ലത്. അതാണോ ഒരു വിഡ്ഢിയുടെ അപഗ്രഥനം അല്ലെങ്കിൽ ശലോമോന്റെ തീർപ്പ്? രായാലും നമുക്കുള്ള പാഠം ഒന്നുതന്നെ. നമുക്ക് വെറുതെ ഇരുന്നു കാത്തിരുന്നാലോ, അദ്ധ്വാനിച്ചാലോ ലഭിക്കുന്നതല്ല സന്തോഷം. സമൃദ്ധിയോ ഉദാസീനതയോ ആഗ്രഹിക്കാവുന്നതല്ല. തെറ്റായ കാര്യങ്ങളിൽ ഊന്നൽ ചെലുത്തുന്ന രറ്റവും നാം ഒഴിവാക്കണം. വിജയത്തെ കുറിച്ച് വിചാരപ്പെടാതെ നാം ഓരോ ദിവസവും, ദൈവത്തിനായി സന്തോഷത്തോടെ ജീവിക്കണം. നമുക്ക് വേതു രു കൈയ്യും നിറച്ചാണോ, അതോ ഒരു കൈ നിറച്ചാണോ, അതോ രുമല്ലയോ എന്നതിനെ കുറിച്ച് നാം വിചാരപ്പെടരുത്!

അത്യാഗ്രഹം തൃപ്തിയെ നശിപ്പിക്കുന്നു (4:7–12). തനിക്കുള്ളതിൽ, ഒരിക്കലും തൃപ്തിപ്പെടാത്ത ഒരാളെ മനസിൽ കൊുവരിക. അയാൾ ഭൗതികമായ സ്വത്ത് സമ്പാദിക്കുന്നതിൽ തിരക്കിട്ട് ഒറ്റപ്പെട്ടാണ് അയാൾ കഴിയുന്നത്. അയാൾക്ക് സഹോദരനോ, കുട്ടിയോ, സ്നേഹിതനോ ഇല്ല. എല്ലാ സമ

യത്തും അയാൾ ജോലി ചെയ്യുന്നു. അതെല്ലാം അയാൾ ആർക്കുവേയിയാണ് ചെയ്യുന്നത്? ആസ്വദിക്കുന്നതിനായി ഒരിക്കലും അതൊന്ന് നിർത്തുന്നില്ല. അതു പങ്കിടുവാൻ അയാൾക്ക് കുടുംബമില്ല. അയാൾ അത് പങ്കിടുവാനും താല്പര്യപ്പെടുന്നില്ല.

സ്വാർത്ഥജീവിതം മൗഢ്യജീവിതമാണ്. മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല. ആ വസ്തുത ആദ്യം പറഞ്ഞത് ദൈവമാണ് (ഉൽപത്തി 2:18). ഇരുവർ ഒരുവനേക്കാൾ നല്ലത് എന്ന് ശലോമോൻ പറയുവാൻ നാലു കാരണങ്ങളു്: (1) അവരുടെ അദ്ധ്വാനഫലം പങ്കിടുവാൻ കഴിയും. (2) ഒരാൾ വീണാൽ മറ്റെ യാൾക്ക് പിടിച്ചെഴുന്നേൽപിക്കുവാൻ കഴിയും; ഒരാൾ മാത്രമായി വീണാൽ കുഴപ്പമായിരിക്കും. (3) തണുപ്പുള്ള രാത്രിയിൽ രുപേർ ഒരു പുതപ്പിൻകീഴി ലാണെങ്കിൽ രുപേർക്കും ചൂട് ലഭിക്കും. (4) രുപേർ ഒരുമിച്ചു നില്ക്കാതെ, ഒറ്റക്ക് നിന്നാൽ ആക്രമിക്കപ്പെടുകയും പരാജയപ്പെടുകയും ചെയ്യും. ഒരു ചരടാണെങ്കിൽ വേഗത്തിൽ അറ്റുപോകും, എന്നാൽ "മുപ്പിരിച്ചരട് വേഗത്തിൽ അറ്റുപോകയില്ല" (4:12).

ശക്തിക്ക് പോലും തൃപ്തി ഉറപ്പ് വരുത്തുവാൻ സാധ്യമല്ല (4:13-16). തങ്ങളെ തൃപ്തിപ്പെടുത്തുമെന്ന് വിചാരിച്ച്, ചിലർ അധികാരശ്രേണിയിലെത്തു വാൻ ആഗ്രഹിക്കും. ഉപദേശം കേൾക്കാത്ത വൃദ്ധരാജാവാകുന്നതിനേക്കാൾ, ദരിദ്രനും ബുദ്ധിമാനുമായ യുവാവാകുന്നതാണ് നല്ലത്. അത്തരം യുവാവിന് ദരിദ്രനാണെങ്കിലും അവന് തടവിന് പുറത്തുവന്ന് രാജാവായിത്തീരുവാൻ കഴി യും. അവനെ ആയിരക്കണക്കിനു ആളുകൾ ചേർന്ന് സിംഹാസനത്തിലേക്കു നയിക്കും. ആ യുവാവിനു കുറേ കാലത്തേക്ക് ശക്തനായ ഒരു രാജാവായി തീരുവാൻ കഴിയും. പിന്നെ അവനു പിന്നാലെ വരുന്ന തലമുറയിൽ അവന്റെ പ്രസിദ്ധി നഷ്ടമാകുകയും ചെയ്തേക്കാം. അദ്ദേഹത്തിന്റെ സ്ഥാനത്ത് വേറെ ാരു യുവാവ് സിംഹാസനത്തിലേക്ക് വരും. അധികാരത്തിനും പ്രസിദ്ധിക്കും ജീവിതത്തിന് അർത്ഥം കൊുവരുവാൻ സാധ്യമല്ല. അതെല്ലാം കാറ്റിനിരയാ യിതീരുന്നതുപോലെ ആകും.

**ഉപസംഹാരം**

നമുക്ക് യേശുവിനെ അറിയുവാൻ കഴിയുന്നതുകൊ് ദൈവത്തിന് സ്തോത്രം! ശലോമോന്റെ വിലയിരുത്തൽ നമുക്ക് ഒരു രക്ഷകന്റെ ആവശ്യ മുന്നെ് ഊന്നിപ്പറയുന്നു. നമുക്ക് തന്നെ സന്തോഷം ഉാക്കുന്നതിനോ രക്ഷി ക്കപ്പെടുവാനോ സാധ്യമല്ല. ആ ആവശ്യം നിറവേറ്റുവാനാണ് യേശു വന്നത്. ജീവിതത്തിന്റെ വ്യർത്ഥത ക്രിസ്തുവിൽ നീങ്ങിപ്പോകുന്നു. മായ എന്ന് യേശു ഒരിക്കലും പറഞ്ഞിട്ടില്ല. സന്തോഷം, സമാധാനം, പ്രത്യാശ, സ്നേഹം എന്നി വയാണ് യേശു സംസാരിച്ചത്. നമുക്ക് ജീവൻ ഉാകേതിന്നും, അതു സമൃദ്ധി യായുാകേതിനുമാണ് അവൻ വന്നത് (യോഹന്നാൻ 10:10).

നിങ്ങളുടെ ആശ്രയം യേശുവിൽ അർപ്പിക്കുക. അവന്റെ ജീവിതവഴി ന ിങ്ങളുടേതായി സ്വീകരിക്കുക. നിങ്ങളുടെ ജീവിതത്തിൽ അവന് വരുത്തുവാൻ കഴിയുന്ന മാറ്റത്തിൽ നിങ്ങൾക്ക് ആഹ്ലാദിക്കുവാൻ കഴിയും.